# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 118** **28.11.2018-ൽ മറുപടിക്ക്**

## ശബരിമലയിലെ സുരക്ഷയ്ക്കായി പ്രത്യേക സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. കെ. മുരളീധരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മണ്ഡല - മകര വിളക്ക് കാലത്ത് ശബരിമലയിൽ സുരക്ഷാകാര്യങ്ങൾക്കായി പ്രത്യേക സംവിധാനം ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. ശബരിമലയിൽ സമരഭൂമിയാക്കി വിശ്വാസികളെ തടയുന്ന രീതി ആവർത്തിക്കാതിരിക്കുന്നതിലേക്ക് ജില്ലാ ഭരണകൂടവും പോലീസും കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. വിശ്വാസികളെ തടഞ്ഞ് കലാപം സൃഷ്ടിക്കാതിരിക്കുന്നതിനായി ഇലവുങ്കൽ, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ പ്രദേശങ്ങളിൽ ക്രിമിനൽ നടപടിക്രമം 144 പ്രകാരം നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുള്ളതാണ്. വിവിധ വകുപ്പുകളുടെ പ്രവർത്തനത്തെ ശബരിമലയിൽ ഏകോപിപ്പിക്കുന്നതിനും ക്രമസമാധാന പ്രശ്നങ്ങളുൾപ്പെടെ കൈകാര്യം ചെയ്യുന്നതിനായി സ്പെഷ്യൽ ഓഫീസറായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ |

അധികാരം നൽകി ശ്രീ.വി.ആർ. പ്രേംകുമാർ ഐ.എ.എസ്.-നെ സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രക്ഷോഭങ്ങൾ നിയന്ത്രിക്കുന്നതിനായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ പ്രദേശങ്ങളിൽ രണ്ട് വീതം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെ നിയമിച്ചിട്ടുണ്ട്. നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എ.ഡി.ജി.പി. സൗത്ത് സോൺ, പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി. , തിരുവനന്തപുരം റേഞ്ച് ഐ.ജി.പി., എന്നിവരുടെ മേൽ നോട്ടത്തിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധമായ ബന്തവസ്സ് പദ്ധതി തയ്യാറാക്കി സുരക്ഷാ ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| (ബി) ശബരിമല തീർത്ഥാടകർ യാത്രചെയ്യുന്ന വാഹനങ്ങൾക്ക് അതാത് സ്ഥലത്തെ പോലീസ് സ്റ്റേഷനുകളിൽ നിന്നും പാസ്സ് വാങ്ങിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്താണ്; | (ബി) ശബരിമലയിൽ മനപൂർവ്വം കുഴപ്പങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ളവർ എത്തിപ്പെടാതിരിക്കുന്നതിനായി തീർത്ഥാടകർക്ക് പോലീസ് സ്റ്റേഷനിൽ നിന്നും വാഹനപാസ് നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) സുരക്ഷയുടെ പേരിൽ പോലീസിനെ ഉപയോഗിച്ച് തീർത്ഥാടകരുടെ വരവ് നിയന്ത്രിച്ച് ശബരിമലയെ തകർക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ ഭാഗത്ത് നിന്ന് | (സി) സുരക്ഷയുടെ പേരിൽ തീർത്ഥാടകരുടെ വരവ് പോലീസ് നിയന്ത്രിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്തരുടെ സുഗമമായ ദർശനത്തിനാണ് പോലീസിന്റെ ഭാഗത്ത് നിന്നും |

ഉണ്ടാകുന്നതെന്ന ആക്ഷേപം സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ;

നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. പ്രസ്തുത നടപടികൾമൂലം യഥാർത്ഥ ഭക്തർക്ക് യാതൊരു വിധ ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല.

(ഡി) സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിൽ സർക്കാർ ഭാഗത്ത് നിന്ന് കാണിച്ച അമിതാവേശവും അനാവശ്യ തിടുക്കവും പിടിവാശിയും ശബരിമലയെ യുദ്ധക്കളമാക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കിയിട്ടില്ലേ എന്ന് വ്യക്തമാക്കുമോ?

(ഡി) ശബരിമല യുവതി പ്രവേശനം സംബന്ധിച്ച ബഹു. സുപ്രീംകോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമ വ്യവസ്ഥകൾക്കനുസരിച്ച് മാത്രമാണ് സർക്കാർ പ്രവർത്തിച്ച വരുന്നത്.

സെക്ഷൻ ഓഫീസർ